# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2030 — 08.03.2018- ൽ മറുപടിക്ക്

## വ്യവസായ ഇൻകുബേഷൻ സെന്ററുകളുടെ പ്രവർത്തനം

**ചോദ്യം** — **ഉത്തരം**

**ശ്രീ.സണ്ണി ജോസഫ്**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരെയും, അവരുടെ ആശയങ്ങളെയും പ്രാവർത്തികമാക്കുന്നതിന് സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും നവസംരംഭകത്വ ആശയവുമായി മുന്നോട്ട് വരുന്നവർക്ക് അത് പ്രാവർത്തികമാക്കുകയെന്ന ലക്ഷ്യത്തോട് കൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എന്നീ ഏജൻസികൾ മുഖാന്തിരമാണ് ബിസിനസ്സ് ഇൻകുബേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു വരുന്നത്. ഒരു സംരംഭകന് ആവശ്യമായ പരിചരണങ്ങൾ നൽകി സ്വതന്ത്രമായി നിലനിൽക്കാൻ കഴിയുന്നതും സാമ്പത്തിക ക്ഷമതയുള്ളതുമായ ബിസിനസ്സ് സ്ഥാപനങ്ങളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യങ്ങളും, പരിശീലനം, കൗൺസിലിംഗ്, സാമ്പത്തിക സഹായം , സാങ്കേതിക സേവനം, നെറ്റ് വർക്കിങ്ങിനുള്ള അവസരങ്ങൾ തുടങ്ങിയ സേവനങ്ങളും ഇതിന്റെ ഭാഗമായി സംരംഭകനു നൽകി വരുന്നു. അതിലൂടെ ബിസിനസ്സ് നടത്തിപ്പിന്റെ ഭാഗമായി ഉയർന്നു വരുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിക്കാൻ സംരംഭകരെ പ്രാപ്തരാക്കുന്നു.<br>630-ഓളം പുതു സംരംഭകർക്ക് ഇൻകുബേഷൻ സെൻററുകൾ വഴി ആശയങ്ങളും, സാങ്കേതിക സഹായങ്ങളും നൽകി കഴിഞ്ഞു. ഇതിൽ 27 പേർ സംരംഭങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻകുബേഷൻ സെന്ററുകൾ വഴി എത്ര പുതിയ ആശയങ്ങൾക്ക് സഹായം നൽകി പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**